നിക്ഷേപത്തെക്കുറിച്ചുള്ള പരിപാടിക്ക് പുനർദിശാനിർണ്ണയം നടത്തി സ്വർണ്ണാംശത്തിന്റെ ഉത്ഭവസ്ഥാനം കണ്ടെത്തുവാനുള്ള 550 ചതുരശ്ര കിലോ മീറ്റർ പ്രദേശത്തിൽ ജിയോകെമിക്കൽ സർവെ നടപ്പിലാക്കിയതിന്റെ ഫല മായി 15 സൂചനപ്രദേശങ്ങൾ കൂടുതൽ പഠനത്തിനായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പു നടപ്പുവർഷത്തിൽ തിരുവ നന്തപുരം, കാസർഗോഡ്, കണ്ണൂർ, കൊല്ലം ജില്ലകളിൽ ചീനക്കളിമണ്ണിനും, കാസർഗോഡ് ജില്ലയിലെ ഭാഗങ്ങളിൽ ലിഗ്നൈറ്റിനും, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഓട് ഇഷ്ടിക കളിമണ്ണിനും, പാലക്കാട് ജില്ലയിൽ ചുണ്ണാമ്പു കല്ലിനും, ആലപ്പുഴ ജില്ലയിൽ സിലിക്കാമണലിനും ഉള്ള പര്യവേഷണങ്ങൾ നടത്തുന്നു. കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ സ്വർണ്ണ പര്യവേഷ ണവും നടത്തിവരുന്നു.

(ഇ) കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെംഡൽ) കണ്ണൂർ ജില്ലയിലെ മാടായിയിലെ നിർദ്ദിഷ്ട ലിഗ്നൈറ്റ്-ചീനക്കളി മണ്ണ് ഖനനത്തിനുള്ള പദ്ധതിയുടെ നടത്തിപ്പിലേക്കായി ഗുജറാത്ത് സർക്കാർ സ്ഥാപനമായ ഗുജറാത്ത് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഈ പദ്ധതിക്ക് അനുമതി നിഷേധിച്ചിരിക്കുകയാണ്. കൂടാതെ കേന്ദ്ര പരിസ്ഥിതി, വനം മന്ത്രാലയം ഇതുവരെ അനുമതി ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ ഈ പദ്ധതിക്ക് ഇതുവരെ തുടക്കം കുറിച്ചിട്ടില്ല.

(എഫ്)&(ജി) വയനാട് സ്വർണ്ണമേഖലയിലെ സ്വർണ്ണ ഖനന സാധ്യത തെളിയിക്കുന്നതിനുള്ള പര്യവേഷണം നടത്തുന്നതിന് എ.സി.സി. റിയോ റ്റിന്റോ എക്സ്പ്ലൊറേഷൻ എന്ന സ്വകാര്യ മേഖലയിലുള്ള ഒരു കമ്പനി (50 ശതമാനം വിദേശ പങ്കാളിത്തത്തോടുകൂടിയാണ്) തയ്യാറാക്കിയ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് ഫോർ ലോക്കൽ ബോഡീസ്

12 (*571) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് ഫോർ ലോക്കൽ ബോഡീസ്' എന്ന പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ട് സംസ്ഥാനത്ത് നടപ്പിലാക്കിത്തുട ങ്ങിയോ;

(സി) എങ്കിൽ പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടവും വിലയിരു ത്തലും നടത്തുന്നതിന് പ്രസ്തുത പ്രോജക്ട് എത്രകണ്ട് വിജയിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രോജക്ടിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചി ട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) 'കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് ഫോർ ലോക്കൽ ബോഡീസ്' എന്ന പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

1. ആസൂത്രണത്തിനും വികസനത്തിനും ആവശ്യമായ ഒരു അടിസ്ഥാന വിവരശേഖരണം തദ്ദേശ സ്ഥാപനങ്ങൾ പ്രാപ്യമാക്കുക.

2. സർക്കാരിന്റെ വികസന പരിപാടികൾക്ക് അനുസൃതമായി തദ്ദേശ സ്ഥാപനങ്ങൾ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ പദ്ധതി അവലോകനവും വിലയിരുത്തലും നടത്തുക.

3. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ജില്ലാ സംസ്ഥാന ഓഫീസുകൾ എന്നിവ തമ്മിൽ ആശയവിനിമയം നടത്തുന്നതിൽ ഒരു ഇലക്ട്രോണിക് മെയിൽ സംവിധാനം നടപ്പാക്കുക.

4. പരിമിതമായ രീതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 'ഇന്റർനെറ്റ് ' സൗകര്യം നൽകുക.

5. സർക്കാർ സംവിധാനത്തിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസവും, സുതാര്യതയും ഉറപ്പുവരുത്തി സർക്കാർ ആഫീസുകളുമായി മെച്ചപ്പെട്ട സമ്പർക്കം പുലർത്താനുള്ള അവസരമുണ്ടാക്കുക.

(ബി) പ്രോജക്ട് നടത്തിപ്പിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടേയുള്ളൂ.

(സി) ഈ പ്രോജക്ടിന്റെ വിജയം വിലയിരുത്താനുള്ള സമയം ആയിട്ടില്ല.

(ഡി) 1998-99-ൽ 10 കോടി രൂപയും 1999-2000-ത്തിൽ 10 കോടി രൂപയും കേന്ദ്ര ഗവൺമെന്റ് ഈ പ്രോജക്ടിന് പ്രത്യേക സഹായമായി അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ പരിപാടി പൂർണ്ണമായി പ്രവൃത്തി പഥത്തിൽ ആകുന്നതോടുകൂടി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ ഒട്ടേറെ കാര്യങ്ങൾ പൊതുവേ മെച്ചപ്പെടുത്തുന്നതിന് സാധിക്കുന്നതാണ്.

ഫാക്ടറികളിൽ നിന്നുള്ള മലിനീകരണം മൂലം അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന വ്യവസായ ശാലകൾ

13 (*572) ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly